**C–AVZ–O–NBMC**

CS (Main) Exam:2015

# MALAYALAM

## (Compulsory)

*Time Allowed : Three Hours* | *Maximum Marks : 300*

**QUESTION PAPER SPECIFIC INSTRUCTIONS**

**Please read each of the following instructions carefully before attempting questions.**

All questions are to be attempted.

The number of marks carried by a question/part is indicated against it.

Answer must be written in **MALAYALAM** (Malayalam Script) unless otherwise directed in the question.

Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks may be deducted.

Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.

---

Q.1. **താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഒരുപന്യാസം തയ്യാറാക്കുക :—** **100**

Q.1(a) യുവാക്കളുടെയിടയിൽ വളർന്നുവരുന്ന അമിതമായ മാനസിക ക്ലേശം.

Q.1(b) പരാജയം വിജയത്തിന്റെ മുന്നോടിയാണ്.

Q.1(c) വായനാഭിരുചി താഴ്ചയിലേക്കാണോ?

Q.1(d) സമൂഹത്തിലെ അന്ധവിശ്വാസങ്ങൾക്കു എതിരെയുള്ള പോരാട്ടം.

Q.2. **താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചു തുടർന്നുള്ള ചോദ്യങ്ങൾക്കു വ്യക്തവും സൂക്ഷ്മവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :—** **12×5=60**

കണക്കുകൾ പ്രകാരം ഇന്ത്യയിലെ കോളേജുകളിൽനിന്ന് ഇക്കാലത്തു പുറത്തുവരുന്ന 80% വിദ്യാർഥികളും ഉദ്യോഗങ്ങൾക്കു നിയമിതരാവാൻ യോഗ്യരല്ല. യുവതലമുറയുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന ഒരാളിനു ഇത്തരത്തിലുള്ള ഒരു കണക്കുമായി യോജിക്കാതിരിക്കാൻ നിർവാഹമില്ല. ചെറുപ്പക്കാരുമായി സമ്പർക്കം പുലർത്തുന്ന ഒരാളിനു ഏകദേശം 90% പേരും നിയമിതരാവാൻ അയോഗ്യരാണ് കാരണം അവർ തികച്ചും ഒഴിവുകഴിവു പറയുന്നവരും കർത്തവ്യബോധ രഹിതരുമാണ്. എങ്ങനെയോ എവിടെയോ

അവർ മനസ്സിൽ കരുതിയിരിക്കുന്നത് തെറ്റായ ദുർനടപടികൾക്കാണ് മുൻതൂക്കം കിട്ടുന്നതെന്ന്. അവർക്ക് ഒന്നും ചെയ്യാതെ തന്നെ അമിതമായ പണം സമ്പാദിക്കണമെന്നുള്ളതാണ്.

ഇതിന്റെ അർത്ഥം അവർ തികച്ചും ഉപയോഗശൂന്യരെന്നല്ല. അവരെക്കുറിച്ചു നല്ല ആത്മവിശ്വാസവും നല്ല രീതിയിൽ ഇംഗ്ലീഷിൽ സംഭാഷണം ചെയ്യാൻ കഴിവുള്ളവരുമാണ്. ഏറ്റവും പുതിയ റിംഗ്ടോൺസിനെക്കുറിച്ചും സിനിമകളെക്കുറിച്ചും തമാശകളെക്കുറിച്ചും ബോധവാന്മാരാണ്. പക്ഷെ, അവരുടെയടുത്തു കുറച്ചു അടുത്തു ഇടപഴകിയിട്ട് ഉള്ളിലേയ്ക്കു കടക്കുമ്പോഴാണ് അവർ അപ്രസന്നരാവുന്നുതും മിഴിച്ച കണ്ണുകളോടെ നോക്കുന്നതും. അവർക്കു ഏവർക്കും ധാരാളം പണം സമ്പാദിക്കണം, പ്രത്യേകിച്ചു മാധ്യമങ്ങളുടെ ഇടപെടൽമൂലവും പെരുപ്പിച്ചു കാട്ടൽകൊണ്ടും മാസശമ്പളത്തിനെക്കുറിച്ചുള്ള നിരന്തര സർവ്വെകളുടെ പ്രസിദ്ധീകരണങ്ങൾകൊണ്ടും. പക്ഷെ അത്ര ഭീമമായ ശമ്പളം കൈപ്പറ്റാനുള്ള കഴിവുകളോ നിപുണതകളോ അവർക്കില്ല. അവരുടെ ഡിഗ്രികൾതന്നെ സംശയാസ്പദമായ രീതിയിലാണ്. അവർ ഡിഗ്രി നേടിയ വിഷയത്തെക്കുറിച്ചു കുറച്ചു ചോദ്യങ്ങൾ ചോദിച്ചു നോക്കൂ, അപ്പോഴറിയാം അവരുടെ മിടുക്കിനെക്കുറിച്ചു, മിക്കവാറും ചെറുപ്പക്കാരും പെട്ടെന്ന് ആശയക്കുഴപ്പത്തിലാകുന്നത്. ഗൗരവമായ വായന, പ്രത്യേകിച്ചു പാഠപുസ്തകങ്ങളെയപേക്ഷിച്ചു ഒട്ടും തന്നെ കാണുന്നില്ല. വേറെയും ചോദ്യങ്ങൾ അവശേഷിക്കുന്നു. സ്വഭാവ സവിശേഷതകളെക്കുറിച്ചും പെരുമാറ്റ രീതിയെക്കുറിച്ചും. നിങ്ങൾ ഏതു പ്രവൃത്തി ചെയ്യാൻ അത്യധികം യുക്തനാണ് നിങ്ങളുടെ വൃഥാവേളകൾ എങ്ങനെ ചെലവാക്കുന്നു. ഇത്തരത്തിലുള്ള ആത്മവിശ്വാസക്കാരായ ചെറുപ്പക്കാരും ചെറുപ്പക്കാരികളും ചിന്താക്കുഴപ്പമുള്ള നോട്ടവുമായി എന്റെ പക്കലിലേയ്ക്കു തിങ്ങിക്കൂടാറുണ്ട്.

അവരെ ഉപദേശിച്ചിട്ടു കാര്യമില്ല, കാരണം, ഇത് അവരുടെ ജീവിതത്തിനെ സ്പർശിക്കുന്നതാണ്. അവരുടെ ജീവിതത്തിനെക്കുറിച്ച് അവരാണ് പറയേണ്ടത്. അവർക്ക് എപ്പോഴും റെഡിയായ ഉത്തരങ്ങൾ വേണം, എങ്ങനെയെങ്കിലും കടമ്പ കടന്നു കിട്ടാൻ തക്കതായ ഉത്തരം വേണം. അവർ പറയും, ''ഞാൻ നിരന്തരം പരിശീലിച്ചാൽ എന്നെക്കൊണ്ടു സാക്ഷാൽക്കരിക്കാൻ സാധിക്കും.'' അതുകൊണ്ടു ഞൊടിയിടയിൽ ചെറുപ്പക്കാർ വായനാലോലുപരും ഗിറ്റാർ വായനക്കാരും താര ബാറ്റ്സുമാൻമാരും എന്തിനു പറയുന്നു അഭിനേതാക്കളും ആയിത്തീരുന്നു. അരവേവുള്ള ഇത്തരം കെട്ടുകഥകൾ കേട്ടുകൊണ്ടു കുറച്ചെങ്കിലും ബുദ്ധിയുള്ള ഏതെങ്കിലും മുഖാമുഖ പരിശോധകൻ തയ്യാറാവുമെന്നു തോന്നുന്നില്ല.

ഇന്ത്യ മുന്നോട്ടു കുതിക്കുമ്പോൾ, കാര്യമായ ഒരു പ്രവൃത്തിയിലും ഏർപ്പെടാതെ സമ്പന്നമായ ജീവിതം മാത്രം ആഗ്രഹിക്കുന്ന, വിചാരശൂന്യരായ ഒരു തലമുറയെയാണ് നമ്മൾ പടച്ചുവിട്ടിരിക്കുന്നത്. നമ്മൾ ധാരാളം ഉരുളുന്ന കല്ലുകൾ സൃഷ്ടിച്ചുവിടുകയാണെന്ന് തോന്നുന്നു. യാതൊരു ദീർഘദൃഷ്ടിയില്ലാത്തവരും അർപ്പണ മനോഭാവമില്ലാത്തവരും സാന്മാർഗ്ഗിക ചിന്തകളില്ലാത്തവരും ആയ ഒരു സമൂഹത്തെ. അവരുടെ സുരക്ഷയെപ്പറ്റിയോ എന്തെങ്കിലും ആത്മാർഥമായി അർപ്പണ മനോഭാവത്തോടെ ചെയ്യുന്നതിനെപ്പറ്റിയോ ചോദിക്കുകയാണെങ്കിൽ, അവർ ആദ്യം അവരുടെ സുരക്ഷയെപ്പറ്റിയേ ചിന്തിക്കുകയുള്ളു. ചെറുപ്പമായിരിക്കുമ്പോൾ നിങ്ങൾക്കു നിങ്ങളുടേതായ പ്രമാണ തത്വങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഒരുപക്ഷെ, നിങ്ങളുടെ വിശ്വാസങ്ങൾക്കും പ്രമാണ

തത്ത്വങ്ങൾക്കും ഒരു സ്ഥാനവുമുണ്ടാവില്ല, പക്ഷെ നിങ്ങൾ നിങ്ങളുടേതായ നിലപാടിൽ ഒരു കാര്യത്തിനുവേണ്ടി ഉറച്ചു നിൽക്കുന്നതാണ് മുഖ്യം.

ഇക്കാലത്തുള്ള ചെറുപ്പക്കാർക്കു ഒരു ലക്ഷ്യത്തിനും ഒരു അഭിനിവേശമില്ല. ഇത്തരത്തിലുള്ള മറുപടി തയ്യാറാക്കി മനനം ചെയ്ത തലമുറയുമായി നിരന്തരമായി സമ്പർക്കം ചെയ്ത എനിക്കു മനസ്സിലാക്കാൻ കഴിയുന്നത്, ഇപ്പോഴത്തെ മന്ത്രം പണമാണ്. ഏതെങ്കിലും അർത്ഥപ്രസക്തിയുള്ള കാര്യം സംസാരിക്കുന്നവൻ കാലഹരണപ്പെട്ടവനാണ്.

**ചോദ്യങ്ങൾ:**

Q.2 (a) എന്തെല്ലാം കാരണങ്ങൾകൊണ്ടാണ് ചെറുപ്പക്കാർ ജോലി ലഭിക്കാൻ അയോഗ്യരാവുന്നത് ? 12

Q.2 (b) ലേഖകനിൽ നിന്ന് ചെറുപ്പക്കാർ ലഭിക്കാൻ ആഗ്രഹിക്കുന്നതെന്താണ് ? 12

Q.2 (c) ലേഖകന്റെ അഭിപ്രായത്തിൽ ഇക്കാലത്തെ തലമുറയുടെ ഏക ഉദ്ദേശ്യമെന്താണ് ? 12

Q.2 (d) ഇക്കാലത്തെ ചെറുപ്പക്കാരുടെയിടയിൽ സംജാതമായിട്ടുള്ള പുതിയ മന്ത്രമെന്താണ് ? 12

Q.2 (e) തത്ത്വദീക്ഷണമായ ആശയത്തെക്കുറിച്ചു ഇന്നത്തെ തലമുറയുടെ മനോഭാവമെന്താണ് ? 12

Q.3. **താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംഗ്രഹിക്കുക (ചുരുക്കിയെഴുതുക) തലക്കെട്ട് നൽകേണ്ട ആവശ്യമില്ല :—** 60

തന്ത്രപ്രധാനമായതും സാമ്പത്തികമായതും ആയ കാരണങ്ങൾകൊണ്ട് രാജ്യത്തിന്റെ സുരക്ഷയ്ക്കുവേണ്ടി വിദേശ രാജ്യങ്ങളെ ആശ്രയിക്കാതെയും സ്വാശ്രയം നേടുന്നതിനും ഏറെക്കുറെ ഇന്ന് ഐച്ഛികത്തെക്കാൾ ഒരാവശ്യമായി തീർന്നിരിക്കുകയാണ്. നമ്മുടെ സുരക്ഷാസേനകളുടെ ആവശ്യങ്ങൾക്കായി ഓർഡിനൻസ് ഫാക്ടറികളും പൊതുമേഖല സ്ഥാപനങ്ങളും സർക്കാർ സ്ഥാപിക്കുകയും ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്തു. വിവിധ സുരക്ഷാപകരണങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും അവയുടെ കഴിവും മേന്മയും വർദ്ധിപ്പിക്കുന്നതിനും ഇന്ത്യയിലെ സ്വകാര്യമേഖല ഭീമാകൃതിയിൽ വളർത്തേണ്ടതിന്റെ അവശ്യകത വന്നിരിക്കുകയാണ്. വിവിധതരം വസ്തുക്കളെ ഗാർഹികമായി ഉൽപ്പാദിപ്പിക്കുന്നതിനും പ്രോത്സാഹപ്പെടുത്താനും ഒരു സുപ്രധാന തുടക്കമാണ് ''മേക്ക് ഇൻ ഇന്ത്യ'' എന്ന ഉപക്രമം. മറ്റ് മേഖലകളെയപേക്ഷിച്ചു സുരക്ഷാ സാമഗ്രികൾ ഗാർഹികമായി ഉൽപ്പാദിപ്പിക്കുന്നത് ആണ് അത്യന്താപേക്ഷിതമായിട്ടുള്ളത്. കാരണം, അതു രാജ്യത്തിന്റെ സുരക്ഷയെ സംബന്ധിച്ചിട്ടുള്ള കാര്യങ്ങൾ അഭിമുഖീകരിക്കുക മാത്രമല്ല നമ്മുടെ വിലയേറിയ വിദേശനാണ്യം സേവിക്കുകയും ചെയ്യും.

നമ്മുടെ ഡിഫൻസ് സെക്ടറിന്റെ ആവശ്യത്തിന് ''മേക്ക് ഇൻ ഇന്ത്യ'' വഴി സാധനങ്ങൾ കൈവരിക്കുമ്പോൾ സർക്കാർ ഏറ്റവും വലിയ ഉപഭോക്താവാകും അതോടൊപ്പം അതിനുവേണ്ടി ഒരു ആർജ്ജിത നയവും രൂപം കൊള്ളും. ഡിഫൻസിന്റെ ആർജിത നയമനുസരിച്ചു പ്രാഥമിക പ്രാമുഖ്യം ''ബൈ (ഇന്ത്യൻ)-ഉം ''ബൈ ആന്റു മേക്ക് (ഇന്ത്യൻ)''-ഉം ബൈ (ഗ്ലോബൽ)''-നുമാണ്. ഇത്തരത്തിലുള്ള ക്രമാനുസരണമാണ്

ഉദ്ദേശിക്കുന്നത്. വരും ദിനങ്ങളിൽ ഇറക്കുമതി വളരെ വിരളമായിരിക്കുകയും അപൂർവ്വം ചില സന്ദർഭങ്ങളിലുമായിരിക്കുകയും ചെയ്യും ആദ്യത്തെ വേളകളിൽ ഇന്ത്യയിലെ വ്യവസായ മേഖലകൾക്കായിരിക്കും മുൻഗണന നൽകുക. അവയ്ക്ക് വികസനത്തിനും ഉൽപ്പാദനത്തിനുമുള്ള ഒത്താശകൾ നൽകുകയും ചെയ്യും. ഇന്നത്തെ നിലയിൽ, സാങ്കേതികപരമായി ഇന്ത്യൻ കമ്പനികൾക്കു തക്കതായ കഴിവില്ലാത്തതുകൊണ്ടും വിദേശ കമ്പനികളുമായി അവർക്കു ഒത്തുചേർന്നു പ്രവർത്തിക്കാൻ അവയെ പ്രോത്സാഹിപ്പിക്കുകയും സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യാനുള്ള അവസരമൊരുക്കികൊടുക്കുകയും ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ അനുവദിക്കുയും ചെയ്യും. ഈ സമീപകാലം വരെ ഗാർഹിക വ്യവസായ സ്ഥാപനങ്ങളുമായി ഡിഫൻസ് സെക്ടറിൽ ഉള്ള വസ്തുക്കൾ നിർമ്മിക്കുന്നതിനും എഫ്ഡിഐ നയത്തിലുള്ള നിബന്ധനകൾക്കും അനവധി പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നു.

ആവശ്യാനുസരണമുള്ള നിക്ഷേപങ്ങൾ വഴിയും സാങ്കേതിക മെച്ചപ്പെടുത്തൽ വഴിയും വെല്ലുവിളികൾ നേരിട്ടും വ്യവസായ മേഖല ഉയരേണ്ടതാണ്. മറ്റൊരു വശത്തു സർക്കാർ വസ്തുവകകൾ കൈവശപ്പെടുത്തുന്നതിനും വാങ്ങുന്നതിനും തക്കതായ നയമാറ്റം വരുത്തുകയും എഫ്ഡിഐ ഉൾപ്പടെ നിക്ഷേപം നടത്തുകയും ലൈസൻസുകൾ നൽകുകയും കയറ്റുമതിയ്ക്കുള്ള അനുമതി നൽകുകയും ചെയ്യുന്നു. മാറ്റം അനിവാര്യമായതും അമിതമായ മുതൽമുടക്കും നവീന സാങ്കേതിക വിദ്യ ആവശ്യമുള്ള ഒരു സെക്ടറാണ് ഡിഫൻസ് സെക്ടർ. അതുകൊണ്ട് ഈ വ്യവസായ മേഖല താൽക്കാലിക ലാഭത്തിനെ കണക്കാക്കാതെ അതിന്റെ മനോഭാവം മാറ്റുകയും ദീർഘദൃഷ്ടിയോടെ പ്രവർത്തിക്കേണ്ടതുമാണ്. നമ്മുടെ നോട്ടം ഗവേഷണത്തിനും വികസനത്തിനും കേന്ദ്രീകരിച്ചുകൊണ്ട് നിലവിലുള്ള അത്യന്താധുനിക ഉൽപ്പാദന കഴിവ് വർദ്ധിപ്പിക്കുന്നതിലേയ്ക്കായിരിക്കണം. പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും യോജിച്ച തക്കതായ എല്ലാ മേഖലകൾക്കും സമതലമായി പ്രവർത്തിക്കാനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഗാർഹിക വ്യവസായ മേഖലയുടെ ലക്ഷ്യം. **(256 Words)**

Q.4. **ഇംഗ്ലീഷിലേയ്ക്കു വിവർത്തനം ചെയ്യുക :—** 20

അറേബ്യയുടെ മുഖ്യഭാഗവും മരുഭൂമിയാണ്. ഇവിടെ മറ്റൊന്നുമില്ല, വെറും മണൽ പ്രദേശവും പാറയുംകൊണ്ടു നിറഞ്ഞതാണ്. പകൽസമയത്തു നഗ്നപാദരായി നിങ്ങൾക്കു അവിടെ നടക്കാൻ സാദ്ധ്യമല്ല. കാരണം മണലിനു ഭയങ്കര ചൂടാണ്. അവിടെയവിടെയായി മരുഭൂമിയിൽ വെള്ളത്തിന്റെ ഉറവകൾ കാണാം. ഭൂമിയുടെ അടിത്തട്ടിൽനിന്നു വളരെ ആഴത്തിലുള്ള ഇടങ്ങളിൽ. ഇത്തരത്തിലുള്ള നീരുറവകൾ വളരെ വിരളമാണ്. അവിടെ മരങ്ങൾ സമൃദ്ധമായി വളരെ പൊക്കത്തിൽ മനോഹരമായി വളരുന്നു. വളരെ ശീതളമായ കാറ്റു വ്യാപിച്ചുകൊണ്ടു ആ നീരുറവയ്ക്കു ചുറ്റും പച്ചക്കാടുകളും നിഴലും പടർത്തിക്കൊണ്ട് - അവയെ ഒയാസിസ് എന്നു വിളിക്കപ്പെടുന്നു.

ആണ്ടു മുഴുവനും നഗരങ്ങളിൽ താമസിക്കാത്ത അറബികൾ മരുഭൂമിയിൽ ജീവിക്കുന്നു. അവർ കൂടാരങ്ങളിൽ താമസിക്കുന്നു. ഉടനടി അവയെ നാട്ടുകയും വളരെ എളുപ്പത്തിൽ അഴിച്ചെടുക്കുകയും ചെയ്യാവുന്ന തരത്തിൽ. ഒരു ഒയാസിൽനിന്നു മറ്റൊരു ഒയാസിലേയ്ക്കു മാറ്റി പാർപ്പിക്കാൻ പറ്റിയ രീതിയിൽ അവരുടെ ആടുകൾക്കും ചെമ്മരിയാടുകൾക്കും ഒട്ടകങ്ങൾക്കും കുതിരകൾക്കും വെള്ളവും പുല്ലും നൽകാൻ പറ്റുന്ന തരത്തിൽ. ഇത്തരത്തിൽ മരുഭൂമിയിൽ കഴിയുന്ന അറബികൾ പഴുത്ത മധുരമുള്ള അത്തിപ്പഴം

കഴിക്കുകയും ഈന്തപ്പനയിൽ വളരുന്ന ഈന്തപ്പഴവും കഴിക്കുന്നു. അവർ ഈന്തപ്പഴം ഉണക്കുകയും ആണ്ടു മുഴുവനും അവ ഭക്ഷണമായി കഴിക്കുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള അറബികൾ ലോകത്തിൽ വച്ചു ഏറ്റവും നല്ല കുതിരകളുടെ ഉടമസ്ഥരാണ്. അറബികൾക്കു കുതിരയെ ഓട്ടിക്കുന്നത് പ്രൗഢിയോടെ കരുതുന്നവരാണ്. തങ്ങളുടെ ഭാര്യയെയും കുട്ടികളെയും പോലെ അവർ അതിനെ വളർത്തുന്നു. അറബികൾക്കു ഒട്ടകം കുതിരയെക്കാൾ പ്രയോജനകരമാണ് കാരണം അവ വലുതും ദൃഢവുമാണ്. രണ്ടു കുതിരകൾ കൊണ്ടുപോകുന്ന സാധനങ്ങൾ ഒരു ഒട്ടകത്തിനു കൊണ്ടുപോകാൻ സാധിക്കും. അറബികൾ ഒട്ടകത്തിന്റെ മേൽ എല്ലാ സാധനങ്ങളും വച്ചു മൈലുകളോളം കടന്നുപോകുന്നു - "മരുഭൂമിയിലെ കപ്പൽ" എന്നു വിളിക്കപ്പെടുന്ന ഇവയെ വാസ്തവത്തിൽ ഇങ്ങനെയല്ലേ വിളിക്കേണ്ടത്.

Q.5. **മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യുക :—** 20

Language and communication are something that children learn by talking to one another. But schools consider this an act of indiscipline. Instead, we have a special grammar class to learn language ! One educationist remarked, 'It is nice that children spend just a few hours at school. If they spend all 24 hours in schools, they will turn out to be dumb !' In most schools, teachers talk, children listen. The same is true for other skills also. Children learn a great deal without being taught, by tinkering and pottering on their own.

Changes in the school system, if they are to be of lasting significance, must spring from the actions of teachers in their classrooms, teachers who are able to help children collectively. New programmes, new materials and even basic changes in organisational structure will not necessarily bring about healthy growth. A dynamic and vital atmosphere can develop when teachers are given the freedom and support to innovate. One must depend ultimately upon the initiative and respectfulness of such teachers and this cannot be promoted by prescribing continuously and in detail what is to be done.

In education we can cry too much about money. Sure, we could use more, but some of the best classrooms and schools I have seen or heard of, spend far less per pupil than the average in our schools today. We often don't spend well what money we have. We waste large sums on fancy buildings, unproductive administrative staff, on diagnostic and remedial specialists, on expensive equipment that is either not needed, or underused or badly misused, on tons of identical and dull textbooks, readers and workbooks and now on latest devices like computers. For much less than what we do spend, we could make our classrooms into far better learning environments than most of them are today.

Q.6. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :—**

Q.6(a) താഴെ കൊടുത്തിരിക്കുന്ന പദത്തിന്റെ സ്ത്രീലിംഗ രൂപമെഴുതുക.

(1) വിദ്വാൻ 2

(2) വിരഹി 2

(3) ശ്വശുരൻ 2

(4) ഭിക്ഷു 2

(5) പ്രണയി 2

Q.6(b) ഏറ്റവും ശരിയായ വിപരീതാർഥമുള്ള പദമെഴുതുക.

(1) യോഗ്യൻ 2

(2) നെടിയവൻ 2

(3) ദ്രുതഗതി 2

(4) വിപുലനം 2

(5) കേന്ദ്രീകരണം 2

Q.6(c) താഴെ കൊടുത്തിരിക്കുന്ന ശൈലീ പ്രയോഗങ്ങളുടെ അർഥമെഴുതുക.

(1) അടിക്കല്ലു മാന്തുക 2

(2) ഉണ്ട ചോറിൽ കല്ലിടുക 2

(3) കടുവാക്കൂട്ടിൽ കല്ലിടുക 2

(4) അരയും തലയും മുറുക്കുക 2

(5) കായംകുളം വാൾ 2

Q.6(d) താഴെ കൊടുത്തിരിക്കുന്ന പദത്തിന്റെ സമാന പദമെഴുതുക.

(1) തൂ 2

(2) മേനി 2

(3) വക്ത്രം 2

(4) കങ്കണം 2

(5) കൃപാണം 2